പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2572 — 12.03.2018-ൽ മറുപടിക്ക്

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ അയത്തിൽ, കല്ലുംതാഴം ഫ്ലൈ ഓവറുകളുടെ നിർമ്മാണം

**ചോദ്യം**

**ശ്രീ. എം. നൗഷാദ്**

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ ബജറ്റിൽ അനുമതി ലഭിച്ചതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതുമായ അയത്തിൽ, കല്ലുംതാഴം എന്നീ ഫ്ലൈ ഓവറുകളുടെ നിർമ്മാണത്തിന് മുന്നോടിയായി പൂർത്തീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും എൻ.ഒ.സി ലഭിക്കേണ്ടതുണ്ടോ; എങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും

ഇരവിപുരം നിയോജകമണ്ഡലത്തിലെ അയത്തിൽ ഫ്ലൈ ഓവർ നാഷണൽ ഹൈവേയുടെ കൊല്ലം ബൈപ്പാസിൽ വരുന്ന പദ്ധതി ആയതിനാലും പ്രസ്തുത റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എ.ഐ നടത്തിക്കൊണ്ടിരിക്കുന്നതിനാലും കിഫ്ബി-യിൽ നിന്ന് ഒഴിവാക്കുന്നതിനായി 16.11.2016-ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന യോഗത്തിൽ തീരുമാനമായതും സ.ഉ (സാധാ) നം. 329/17/പൊ.മ.വ തീയതി 14.03.2017 പ്രകാരം പ്രസ്തുത ഫ്ലൈ ഓവർ കിഫ്ബി പ്രവൃത്തികളിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതുമാണ്. കല്ലുംതാഴം ജംഗ്ഷൻ ഫ്ലൈ ഓവർ സംബന്ധിച്ച് സ്ഥിരീകരണത്തിനായി ആർ.ബി.ഡി.സി.കെ സമർപ്പിച്ച കത്ത് സർക്കാർ പരിശോധിച്ച് വരുന്നു.

S. Bindu

സെക്ഷൻ ഓഫീസർ